**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഇ-കാർട്ട് റിക്ഷകളുടെ വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പുതുതായി കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് നിർമ്മിക്കുന്ന ഇ-കാർട്ട് റിക്ഷകളുടെ വിപണനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **ആരംഭിച്ചിട്ടുണ്ട്. നിലവിൽ മാന്നാർ ഗ്രാമ പഞ്ചായത്ത്, മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കഴൂർ ഗ്രാമപഞ്ചായത്ത്, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ, തവനൂർ ഗ്രാമപഞ്ചായത്ത്, ഫറോക്ക് മുനിസിപ്പാലിറ്റി എന്നിവർക്ക് ഇ – കാർട്ട് റിക്ഷകൾ വില്പന നടത്തിയിട്ടുണ്ട്.** |
| (ബി) | ഇ-കാർട്ട് റിക്ഷകൾ ബുക്ക് ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വനിതകൾക്ക് പ്രസ്തുത ഇലക്ട്രിക് വാഹനം നൽകുന്നതിന് മുൻഗണന നൽകുമോ; ഇത്തരം വാഹനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇ – കാർട്ട് റിക്ഷകൾ നേരിട്ടോ, ഡീലർമാർ മുഖേനയോ GeM പോർട്ടൽ മുഖേനയോ വാങ്ങുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. വനിതകൾക്ക് പ്രസ്തുത ഇലക്ട്രിക് വാഹനം നൽകുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. സർക്കാർ വകുപ്പുകൾക്ക് സബ്സിഡി ലഭ്യമല്ലെങ്കിലും വ്യക്തിഗത ഉപയോഗത്തിനായി വാങ്ങുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. |
| (സി) | കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് വഴി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ഇലക്ട്രിക് വാഹനങ്ങളുടെ വിൽപ്പന നടന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | 2021 – 22 സാമ്പത്തിക വർഷത്തിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് 88 ഇലക്ട്രിക് വാഹനങ്ങൾ വില്പന നടത്തിയിട്ടുണ്ട്. |
| (ഡി) | ഇലക്ട്രിക് വാഹനങ്ങൾ ഓൺലൈനായി ബുക്ക് ചെയ്യുന്നതിന് മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | നിലവിൽ മൊബൈൽ ആപ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഓൺലൈൻ മുഖേന ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ